## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 421

21.10.2016-ൽ മറുപടിക്ക്

# നെൽവയൽ തണ്ണീർത്തട സംരക്ഷണം

**ചോദ്യം**

ശ്രീ.കെ.സി.ജോസഫ്
,, സണ്ണി ജോസഫ്
,, കെ.മുരളീധരൻ
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം നെൽവയൽ തണ്ണീർതട സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | നെൽവയൽ/തണ്ണീർതടത്തിന്റെ സംരക്ഷണത്തിനായി സംസ്ഥാനത്ത് നിലവിലുള്ള 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാവർത്തികമാക്കുകയും ഭൂവിനിയോഗ നിയന്ത്രണങ്ങളിലെ ഇളവ് പ്രസ്തുത നിയമപ്രകാരമായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ആക്റ്റ് പ്രകാരം ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്നു. സാറ്റലൈറ്റ് ഡേറ്റാ ഉപയോഗിച്ച് കെ.എസ്.ആർ.ഇ.സി മുഖേന തിരുവനന്തപുരം ജില്ലയിലെ ആറ്റിപ്രാ പഞ്ചായത്ത്, എറണാകുളം ജില്ലയിലെ വേങ്ങൂര് പഞ്ചായത്ത് എന്നിവിടങ്ങളിലെ ഡാറ്റാ ബാങ്ക് വാലിഡേറ്റ് ചെയ്തു വരികയാണ്. നെൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സുസ്ഥിര നെൽകൃഷി വികസനം, പ്രത്യേക നെല്ലിനങ്ങളുടെ വികസനം, വികസന ഏജൻസികൾക്കുള്ള ധനസഹായം, പാടശേഖരസമിതികൾക്കുള്ള പ്രവർത്തനച്ചെലവ്, |

| | | | |
|---|---|---|---|
| | | | ആർ.കെ.വി.വൈ പദ്ധതിപ്രകാരമുള്ള തരിശുനില നെൽകൃഷി വികസനം, നെൽകൃഷി ഉത്പാദന ബോണസ്, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവ നെൽകൃഷി വ്യാപിക്കുന്നതിനായി നടപ്പിലാക്കി വരുന്നു. തരിശായി കിടന്നിരുന്ന 1054.77 ഹെക്ടർ ഭൂമി നെൽകൃഷിയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ 1321.17 ഹെക്ടർ തരിശുഭൂമി നെൽകൃഷി യോഗ്യമാക്കാൻ നടപടി ആവിഷ്കരിച്ച് വരുന്നു.ഇപ്രകാരം 2016-17 വർഷം 2375.94 ഹെക്ടർ ഭൂമി നെൽകൃഷി നടപ്പാക്കാൻ വിഭാവനം ചെയ്തിട്ടുണ്ട്. ഒരിപ്പൂ കൃഷി ഇരിപ്പൂ കൃഷി ആക്കുന്നതിനായി 4965.2 ഹെക്ടർ ഇരിപ്പൂ കൃഷി ചെയ്യുന്ന 479 ഹെക്ടർ മുന്നൂപ്പ് കൃഷി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 400 ഹെക്ടർ ഒരുപ്പൂ കൃഷി ഇരിപ്പൂ കൃഷി നടത്തുന്നതിലേയ്ക്കായി 230 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br><br>വർഷങ്ങളായി തരിശ് കിടന്ന മെത്രാൻ കായൽ (160 ഹെക്ടർ) ആറൻമുള പാടശേഖരം (56 ഹെക്ടർ) എന്നിവിടങ്ങളിൽ 2016 വർഷം പുഞ്ചകൃഷി ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. |
| (ബി) | ആറുമാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന പദ്ധതി എത്ര കാലത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ? | (ബി) | 14.06.2016-ന് ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അവലോകന യോഗത്തിൽ കേരളത്തിലെ 941 പഞ്ചായത്തുകളിൽ 21 എണ്ണം നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണെന്നും 328 പഞ്ചായത്തുകളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ച് കഴിഞ്ഞിട്ടുണ്ടെന്നും 570 പഞ്ചായത്തുകളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ടെന്നും, ബാക്കിയുള്ള 22 പഞ്ചായത്തുകളിൽ |

ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തി വരുന്നു എന്ന് വിലയിരുത്തിയിരുന്നു. ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ആവശ്യമായ ഫീൽഡ് പരിശോധന നടത്തി കുറ്റമറ്റ ഡാറ്റാബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് കൃഷി വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം 2017 മാർച്ച് മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**